# പതിമൂന്നാം കേരള നിയമസഭ
# പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:2373 **19.3.2015**-ൽ മറുപടിക്ക്

## <u>ഇ-ഹെൽത്ത് പദ്ധതി</u>

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| ശ്രീ. കെ.എൻ.എ. ഖാദർ | **ശ്രീ.വി.എസ്.ശിവകുമാർ**<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ഇ-ഹെൽത്ത് പദ്ധതി നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | (എ) | ഇ-ഹെൽത്ത് പദ്ധതിയുടെ നടത്തിപ്പിനായി താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>(1) പദ്ധതി നടത്തിപ്പിന് മേൽനോട്ടം വഹിക്കുന്നതിനായി ഒരു ഹൈ ലെവൽ ഗവേണിംഗ് കമ്മിറ്റിയും സാങ്കേതിക ഉപദേശകസമിതിയും രൂപവൽക്കരിച്ചിട്ടുണ്ട്. കൂടാതെ ഒരു പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റിനേയും ഈ പദ്ധതിയുടെ നടത്തിപ്പിനാവശ്യമായ ദൈനം ദിന പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് നടത്തുന്നതിനായി നിയോഗിച്ചിട്ടുണ്ട്. കൂടാതെ വിവര സാങ്കേതിക വിദഗ്ദ്ധൻമാരും വൈദ്യ ചികിത്സാ രംഗത്തെ പ്രമുഖരും അടങ്ങുന്ന സബ്കമ്മിറ്റികളും ഉപദേശകസമിതികളും രൂപവൽക്കരിച്ച് കുറ്റമറ്റ രീതിയിൽ ഈ പദ്ധതി നടപ്പിലാക്കുന്നതിനായി പരിപാടികൾ ആവിഷ്കരിച്ചിട്ടുണ്ട്.<br>(2)പദ്ധതിയുടെ നടത്തിപ്പിനാവശ്യമായ സോഫ്റ്റ് വെയർ നിർമ്മാണ പ്രവർത്തനം ഇ-ടെൻഡറിംഗ് മുഖേന "ഹ്യൂലെറ്റ്-പക്കാർഡ്" (എച്ച്.പി) എന്ന കമ്പനിക്ക് 01.10.2014 ൽ കരാർ നൽകിയിട്ടുണ്ട്.<br>(3) വൈദ്യചികിത്സാ രംഗത്ത് പ്രവർത്തിക്കുന്ന ഡോക്ടർമാർ, നേഴ്സുമാർ, പാരാമെഡിക്കൽ ജീവനക്കാർ ബന്ധപ്പെട്ട മറ്റ് വിദഗ്ദ്ധർ എന്നിവരുമായി പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ നിരവധി തവണ ആശയവിനിമയം നടത്തി സോഫ്റ്റ് വെയർ നിർമ്മാണത്തിനാവശ്യമായ എസ്.ആർ.എസ് (സോഫ്റ്റ് വെയർ റിക്വയർമെന്റ് സ്പെസിഫിക്കേഷൻ) തയ്യാറാക്കി അംഗീകരിച്ചു കഴിഞ്ഞിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | (4) ഈ പദ്ധതി നടപ്പിലാക്കുന്നതിന് ഓരോ ആരോഗ്യസ്ഥാപനങ്ങളിലും ആവശ്യമായ ഹാർഡ് വേയർ, ലോക്കൽ ഏരിയ നെറ്റ് വർക്ക് എന്നിവയുടെ എണ്ണവും സ്പെസിഫിക്കേഷനും സംബന്ധിച്ച എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള അടിസ്ഥാന സൗകര്യ സർവ്വേ ആദ്യഘട്ടത്തിൽ പദ്ധതി നടപ്പിലാക്കാൻ തെരഞ്ഞെടുത്ത 7 ജില്ലകളിലും പൂർത്തിയായി വരുന്നു. |
| (ബി) | പദ്ധതി നടത്തിപ്പിന്റെ ഭാഗമായുള്ള വിവരശേഖരണം പൂർത്തിയായിട്ടുണ്ടോ; ഇല്ലെങ്കിൽ എന്നത്തേക്ക് പൂർത്തിയാക്കുവാൻ സാധിക്കും; | (ബി) | പദ്ധതി ആദ്യഘട്ടത്തിൽ നടപ്പിലാക്കുന്ന 7 ജില്ലകളിലെ ആരോഗ്യസ്ഥാപനങ്ങളിൽ ആവശ്യമായ ഹാർഡ് വേയർ, ലോക്കൽ ഏരിയ നെറ്റ് വർക്ക് എന്നിവയുടെ എണ്ണവും സ്പെസിഫിക്കേഷനും സംബന്ധിച്ച എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള അടിസ്ഥാന സൗകര്യ സർവ്വേ ഏതാണ്ട് പൂർത്തിയായിട്ടുണ്ട്. |
| (സി) | സംസ്ഥാന പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ മുതൽ എല്ലാ ആരോഗ്യസ്ഥാപനങ്ങളെയും കമ്പ്യൂട്ടർ വത്ക്കരിക്കുന്നതിന് സർക്കാർ ഈ പദ്ധതി പ്രകാരം ഉദ്ദേശിക്കുന്നുണ്ടോ; ഇല്ലങ്കിൽ സംസ്ഥാനത്തെ എല്ലാ ആരോഗ്യ സ്ഥാപനങ്ങളേയും പദ്ധതിക്കു കീഴിൽ ഉൾപ്പെടുത്തുമോ; | (സി) | അലോപ്പതി വൈദ്യചികിത്സാ മേഖലയിൽ ഉള്ള പ്രാഥമികാരോഗ്യ കേന്ദ്രം മുതൽ മെഡിക്കൽ കോളേജ് വരെയുള്ള സർക്കാർ ഉടമസ്ഥതയിലുള്ള ആരോഗ്യസ്ഥാപനങ്ങൾ ഈ പദ്ധതിയിൽ ഉൾപ്പെടുത്തി കമ്പ്യൂട്ടർവത്ക്കരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ട്. |
| (ഡി) | പ്രസ്തുത പദ്ധതി സംസ്ഥാനത്തെ എല്ലാ ജില്ലകളിലും അടിയന്തരമായി പൂർത്തിയാക്കുന്നതരത്തിൽ പദ്ധതി നടത്തിപ്പിന്റെ കാലതാമസം ഒഴിവാക്കുന്നതിന് പ്രത്യേക ശ്രദ്ധ നൽകുമോ? | (ഡി) | ഈ പദ്ധതി അഞ്ച് വർഷക്കാലയളവിനുള്ളിൽ പൂർത്തീകരിക്കുന്നതിനാണ് വിഭാവനം ചെയ്തിട്ടുള്ളത്. ആദ്യഘട്ടമായി, രണ്ടു വർഷത്തിനുള്ളിൽ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കാസർഗോഡ്, മലപ്പുറം, ഇടുക്കി, എറണാകുളം എന്നീ 7 ജില്ലകളിൽ ഈ പദ്ധതി നടപ്പിലാക്കുവാനാണ് നിലവിൽ ഫണ്ട് അനുവദിക്കപ്പെട്ടിട്ടുള്ളത്. അവശേഷിക്കുന്ന 7 ജില്ലകളിൽ ഈ പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ ഫണ്ട് ലഭ്യമാക്കുന്നതിനുള്ള ശ്രമം നടത്തിവരുന്നു. |

**സെക്ഷൻ ഓഫീസർ**